യോഹ. 20:1-10 / മത്താ. 28:1-6

**ഉയിർപ്പ് തിരുനാൾ**

**2024 മാർച്ച് 31**

**ഡോ. വർഗീസ് അമ്പലത്തിങ്കൽ** വചനഭാഷ്യം

# യേശുവിന്റെ സൗഖ്യാധികാരം

നാലു സുവിശേഷങ്ങളിലുമുള്ള ഉയിർപ്പിന്റെ വിവരണങ്ങളിൽ രണ്ട് വസ്തുതകൾ പൊതുവായുണ്ട്: യേശുവിന്റെ കല്ലറ ശൂന്യമായി കാണപ്പെട്ടു; ഉത്ഥിതൻ ചില വ്യക്തികൾക്ക് പ്രത്യക്ഷപ്പെട്ടു. യേശുവിന്റെ ശൂന്യമായ കല്ലറയും, ആ കല്ലറ തേടിയിറങ്ങിയ രണ്ടു സ്ത്രീകൾക്ക് ഉത്ഥിതനായ യേശു പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന വിവരണമാണ് ഈ ഉയിർപ്പ് ഞായറാഴ്ച നാം ധ്യാനവിഷയമാക്കുന്നത്.

യേശുവിന്റെ ശൂന്യമായ കല്ലറ തേടി ഇറങ്ങിയവരിൽ പൊതുവേ ഒരു ഗുണമുണ്ടായിരുന്നു. അവരുടെ ഹൃദയങ്ങൾ അവനോടുള്ള സ്നേഹത്താൽ നിറഞ്ഞ് ഒഴുകുന്നവയായിരുന്നു. യേശുവിനോടുള്ള സ്നേഹമാണ് സ്ത്രീകളെ നേരം പുലരുന്നതിനു മുമ്പേ തന്നെ കല്ലറയെങ്കിൽ എത്തിച്ചത്. സ്നേഹമുണ്ടെങ്കിൽ ഒന്നും നമ്മെ ഭയപ്പെടുത്തുകയില്ല. കർത്താവിന്റെ ദൂതൻ കല്ലറയിങ്കിൽ വരുമ്പോൾ കാവൽക്കാർ ഭയപ്പെട്ട് വിറപൂണ്ട് മരിച്ചവരെ പോലെയായി (മത്താ. 28:4). എന്നാൽ ദൂതൻ സ്ത്രീകളോട് പറയുക, "ഭയപ്പെടേണ്ടാ" എന്നാണ്. അവർ കല്ലറ വിട്ട് ശിഷ്യന്മാരെ വിവരമറിയിക്കാൻ ഓടുന്നത് വലിയ സന്തോഷത്തോടു കൂടെയാണ് (മത്താ. 28:8). സ്നേഹമുള്ളിടത്ത് ഭയമില്ലെന്നതാണ് സത്യം. ശൂന്യമായ കല്ലറയുടെ ഉത്ഥാനരഹസ്യം വെളിപ്പെട്ട് കിട്ടുന്നത് ഹൃദയം നിറയെ സ്നേഹമുള്ളവർക്കാണ്. നിരാശയോടെ കല്ലറ തേടി വന്നവർ വലിയ സന്തോഷത്തോടെ തിരികെ ഓടുന്ന ആനന്ദത്തിന്റെയും സമാധാനത്തിന്റെയും സന്ദേശമാണ് ഉയിർപ്പ് തിരുനാളിന്റേത്.

ദൂതൻ സ്ത്രീകളോടു പറഞ്ഞു: "ക്രൂശിക്കപ്പെട്ട യേശുവിനെയാണ് നിങ്ങൾ അന്വേഷിക്കുന്നതെന്ന് എനിക്കറിയാം." ക്രൂശിതനെ അന്വേഷിക്കുന്നവർ കണ്ടുമുട്ടുന്നത് ഉത്ഥിതനെയാണ്. ഉത്ഥിതനായ യേശുവിനെ കണ്ടുമുട്ടാനുള്ള മാർഗം ക്രൂശിതനായ യേശുവിനെ അന്വേഷിക്കുകയാണെന്നർത്ഥം. ഒറ്റപ്പെടലും അപമാനവും പരാജയവും അതിന്റെ പൂർണ്ണതയിൽ അനുഭവിച്ച് ശാപത്തിന്റെ അടയാളമായ കുരിശിൽ ക്രൂശിതനായി മരിച്ച യേശുവിനെ അന്വേഷിച്ച സ്ത്രീകൾ കണ്ടുമുട്ടുക ഉത്ഥിതനായ യേശുവിനെയാണ് (മത്താ. 28:9). തിന്മയുടെ വിജയം കണ്ട് ആരും ഭയപ്പെടേണ്ടതില്ലെന്നും സഹനത്തിന്റെ ദുഃഖവെള്ളികൾക്കപ്പുറം സന്തോഷത്തിന്റെ ഉയിർപ്പ് ഞായർ വിദൂരമല്ലയെന്ന സമാശ്വാസത്തിന്റെ സന്ദേശമാണ് ഉത്ഥാനതിരുനാളിന്റേത്.

ക്രിസ്തുവിന്റെ പുനരുത്ഥാനം ഒരു ഭൂതകാല സംഭവമല്ല. ഈ ലോകത്തിൽ പ്രവേശിച്ചു കഴിഞ്ഞ ഒരു സജീവശക്തി അതിൽ അടങ്ങിയിട്ടുണ്ട്. എല്ലാം

വചനധാര

മൃതമെന്നു തോന്നുന്നയിടത്തു പെട്ടെന്നു പുനരുത്ഥാനത്തിന്റെ അടയാളങ്ങൾ പൊട്ടിമുളയ്ക്കുന്നു. അതെ അപ്രതിരോധ്യമായ ഒരു ശക്തിയാണ്. പലപ്പോഴും ദൈവം ഇല്ലെന്നു തോന്നും. നമുക്കുചുറ്റും നിരന്തരമായ അനീതിയും തിന്മയും നിസ്സംഗതയും ക്രൂരതയും നാം കാണുന്നു. എന്നാൽ അന്ധകാരത്തിന്റെ മധ്യത്തിലും എപ്പോഴും പുതിയത് ചിലത് ജീവനിലേക്ക് പൊട്ടി വിടരുകയും പെട്ടെന്നോ പിന്നീടോ ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നു എന്നുള്ളതും സത്യമാണ്. ഇടിച്ചു നിരത്തപ്പെട്ട ഭൂമിയിൽ ശാഠ്യപൂർവം, എന്നാൽ അജയ്യമായി ജീവൻ ആവിർഭവിക്കുന്നു. കാര്യങ്ങൾ എത്ര ഇരുണ്ടതാണെങ്കിലും, നന്മ എപ്പോഴും വീണ്ടും ഉയർന്നു വന്ന് വ്യാപിക്കുന്നു. ഓരോ ദിവസവും നമ്മുടെ ലോകത്ത് സൗന്ദര്യം പുതുതായി ജനിക്കുന്നു. ചരിത്രത്തിന്റെ കൊടുങ്കാറ്റുകളിലൂടെ പരിവർത്തനം ചെയ്യപ്പെട്ട് അത് ഉദിക്കുന്നു. മൂല്യങ്ങൾ പുതിയ വേഷങ്ങളിൽ വീണ്ടും പ്രത്യക്ഷപ്പെടാനുള്ള പ്രവണത കാണിക്കുന്നു. നശിച്ചുപോയി എന്നു തോന്നിയിരുന്ന അവസ്ഥകളിൽനിന്ന് മനുഷ്യവ്യക്തികൾ വീണ്ടും വീണ്ടും ഉയർന്നു വന്നിട്ടുണ്ട്. പുനരുത്ഥാനത്തിന്റെ ശക്തി അങ്ങനെയുള്ളതാണ്. സുവിശേഷവത്കരണ പ്രവർത്തനം നടത്തുന്നവർ ആ ശക്തിയുടെ ഉപകരണങ്ങളാണ് (സുവിശേഷത്തിന്റെ ആനന്ദം 276). ✦